ജന്തുദ്രോഹത്തിന്റെയും പരിസ്ഥിതി നശീകരണത്തിന്റെയും പുതിയ വഴികൾ കുട്ടികൾക്ക് പറഞ്ഞ് കൊടുക്കുന്ന 'വെള്ളിമീൻചാട്ടം' എന്ന ബാലസാഹിത്യകൃതി കുട്ടികളുടെ കണ്ണിൽപ്പെടാതെ നോക്കണമെന്ന്

**എസ്. നാരായണൻ**

# നഞ്ചു കലക്കിയ ബാലസാഹിത്യം

**അറവുകാരന്** ഭൂതദയയുടെയും കാരുണ്യത്തിന്റെയും പാഠങ്ങൾ പകർന്ന്, തന്റെ സന്തതസഹചാരിയായ ആട്ടിൻകുട്ടിയെ അറവുശാലയിൽ നിന്നും വീണ്ടെടുക്കുന്ന കൗമാരക്കാരിയായ അമ്മുവിനെ പോലുള്ള കഥാപാത്രങ്ങളാണ് ബാലസാഹിത്യകൃതികളിൽ അടുത്തകാലം വരെ നിറഞ്ഞുനിന്നിരുന്നത്. കനിവിന്റെ പാഠങ്ങൾ പകർന്നു നൽകുന്ന 'അമ്മുവിന്റെ ആട്ടിൻകുട്ടി' പോലുള്ള ബാലസാഹിത്യകൃതികളുടെ കാലമൊക്കെ കഴിഞ്ഞുപോയെന്നു തോന്നുന്നു. ദയയെപ്പറ്റിയും സഹജീവിസ്നേഹത്തെപ്പറ്റിയും ഉള്ള ഒരു കൊച്ചു പെൺകുട്ടിയുടെ വർത്തമാനം കേട്ട്, വിവാഹസദ്യയൊരുക്കാൻ വേണ്ടി കൊണ്ടുവന്ന് കെട്ടിയിട്ടിരിക്കുന്ന മുഴുവൻ മൃഗങ്ങളെയും ഗൃഹനാഥൻ അഴിച്ചുവിടുന്ന തരത്തിലുള്ള പ്രമേയങ്ങൾ കുട്ടികൾക്ക് വായിക്കാൻ കഴിഞ്ഞിരുന്ന ഒരു കാലം. അത് സിനിമയാക്കാൻ രാമു കാര്യാട്ടിനെപ്പോലെയുള്ള പ്രഗത്ഭർ തയ്യാറായിരുന്ന കാലം. ജൈവവൈവിധ്യത്തെപ്പറ്റിയോ പരിസ്ഥിതി സംരക്ഷണത്തെപ്പറ്റിയോ കാലാവസ്ഥാവ്യതിയാനത്തെപ്പറ്റിയോ ഇത്രയും ബഹളങ്ങൾ അന്തരീക്ഷത്തിൽ ഇല്ലാത്തതുകൊണ്ടായിരിക്കാം ഇതൊക്കെ അന്ന് നടന്നത്.

സംഗീതാ ശ്രീനിവാസൻ എഴുതിയ 'വെള്ളിമീൻചാട്ടം' എന്ന കുട്ടികൾക്കു വേണ്ടിയുള്ള നോവൽ വായിക്കാൻ ഇടവന്നപ്പോഴാണ് കെ.എസ്കെ. തളിക്കുളത്തിന്റെ 'അമ്മുവിന്റെ ആട്ടിൻകുട്ടി' എന്ന കൃതി ഓർത്തുപോയത്. ജന്തുദ്രോഹത്തിന്റെയും പരിസ്ഥിതി നശീകരണത്തിന്റെയും പുതിയ പുതിയ വഴികളാണ് 'വെള്ളിമീൻചാട്ടം' നമ്മുടെ കുട്ടികൾക്ക് പകർന്നു കൊടുക്കുന്നത്. അമ്മ സ്ഥിരമായി പപ്പക്കായ കറി വെക്കുന്നതു കൊണ്ടുള്ള ആവർത്തന വിരസത ഒഴിവാക്കാൻ കുട്ടികൾ ഒരു പദ്ധതി തയ്യാറാക്കുന്നു. കണ്ണാടിച്ചില്ലുകളുടെ പുറകുവശത്തുള്ള രസം (മെർക്കുറി) ചുരണ്ടിയെടുത്ത്, ആണികൊണ്ട് പപ്പായ മരത്തിൽ ഇട്ടിട്ടുള്ള തുളകളിലേക്ക് അത് നിക്ഷേപിക്കുന്നു. രണ്ട് ദിവസം കൊണ്ട് മരം കരിഞ്ഞു പോകുന്നു. അടുത്ത് തന്നെയുള്ള കൂറ്റൻ യക്ഷിപ്പനയിലും ഈ പരീക്ഷണം നടത്തി നോക്കണമെന്നുണ്ട് അവർക്ക്. കനത്ത മഴയിൽ അത് കട പുഴകി



**വെള്ളിമീൻചാട്ടം**
സംഗീതാ ശ്രീനിവാസൻ
പ്രസാധനം: ഡി.സി ബുക്സ്
വില: 65, പേജ്: 96


വീണതു കൊണ്ട് അവർക്കതിനായില്ല. 'മരം ഒരു വരം', 'മരമാണ് മറുപടി', എന്നിങ്ങനെയുള്ള നിരവധി മുദ്രാവാക്യങ്ങളിലൂടെയും, 'ഹരിതവൽക്കരണം' 'ഹരിതോദ്യോനം' തുടങ്ങി നിരവധി പദ്ധതികളിലൂടെയും സ്കൂളുകളിൽ കോടിക്കണക്കിന് പണം ചെലവഴിച്ച് വൃക്ഷത്തിന്റെ പ്രസക്തി കുട്ടികളിലെത്തിക്കാൻ കൊണ്ടു പിടിച്ച ശ്രമമാണ് ഒരു ഭാഗത്ത് നടത്തുന്നത്. ഇത്തരം ബാലസാഹിത്യകൃതികൾ എത്ര എളുപ്പത്തിലാണ് കുട്ടികളുടെ ഉദ്യമങ്ങൾക്ക് നശീകരണസ്വഭാവം കൊടുക്കുന്നത്. 'രസം'വിദ്യകൾ വിസ്തരിച്ച് അവതരിപ്പിക്കുമ്പോൾ 'പ്രൊജ ക്റ്റു'കളുടെ ഈ കാലത്ത് ഇതൊരു പ്രൊജക്റ്റ് ആയി കുട്ടികൾ എടുക്കില്ലെന്ന് എന്തെങ്കിലും ഉറപ്പുണ്ടോ ഈ പുസ്തകത്തിന്റെ പുറകിലുള്ളവർക്ക്?

കരയാമയെപ്പിടിച്ച് രാത്രിയിൽ അതിന്റെ പുറത്ത് മെഴുകുതിരി കത്തിച്ചുവെക്കുക. അത് നടന്നു നീങ്ങുമ്പോൾ ഇരുട്ടിലൂടെ വെളിച്ചം നീങ്ങിക്കൊണ്ടിരിക്കുന്നത് കണ്ടാസ്വദിക്കുന്നതാണ് വേറൊരു ഭാഗത്തുള്ളത്. അടുത്ത വീട്ടിലെ വൈക്കോൽ തുറുവിലേക്ക് ആമ നടന്നു കയറുന്നതോടെ അത് നിശ്ശേഷം കത്തിയമരുന്നു. സ്വാഭാവികമായും ആമയും അതിലകപ്പെട്ട് വെന്തു ചാവുന്നു. വൈക്കോൽ തുറുവിന്റെ ഉടമസ്ഥ അലമുറയിട്ട് കരയുന്നു. ഇത്തരം മൃഗയാവിനോദങ്ങളാണ് ഇതിലെ കുട്ടികളെ ആഹ്ലാദിപ്പിക്കുന്നത്. 'ആമവിദ്യ'ക്കുവേണ്ടി ഒരദ്ധ്യായം തന്നെ നീക്കിവെച്ചിട്ടുണ്ട്.

നോവലിലെ നായകനായ കുഞ്ചുവിന്റെ വീട്ടിൽ, ഈയത്തിന്റെ പെല്ലറ്റുകൾ ഉള്ള തോക്ക് ഇരിപ്പുണ്ട്. അവന്റെ മാമൻ ഗൾഫിൽ നിന്നും കൊണ്ടുവന്നതാണ്. "മാമൻ അതും കൊണ്ടു നടക്കണത് കാണണതന്നെ ഒരു സ്റ്റൈലാ" കുഞ്ചു പറയുന്നു. വലിയ ഉന്നക്കാരനായ കുഞ്ചു തൊടിയിലിറങ്ങി അണ്ണാറക്കണ്ണനേയും കിളികളെയും വെടിവെച്ചിടാറുമുണ്ട്. "കിളി കറങ്ങിക്കറങ്ങി താഴോട്ടു വരണ്ണ്ട്."

ഓന്തിന് ആവണക്കെണ്ണ കൊടുക്കുകയാണ് മറ്റൊരു രസം. കള്ളു കുടിച്ച് വീലായിട്ട് ബാലേട്ടൻ റോട്ടീക്കെടന്ന് കാണിക്കണേക്കാളും രസമാണത്രേ ഓന്ത് കിറുങ്ങിക്കിറുങ്ങി പോകുന്നത് കാണാൻ. എവിടെ നിന്നോ കിട്ടിയ ഒരു ഇരുമ്പു വളയത്തിൽ ഇലക്ട്രിക് വയർ ചുറ്റി അതിന്റെ മറ്റേ അറ്റം പുഴക്കരികിലൂടെ പോകുന്ന ഇലക്ട്രിക് കമ്പിയിലേക്ക് എറിഞ്ഞു പിടിപ്പിച്ച് ഇരുമ്പു വളയം പുഴയിലേക്കിടുന്നു. കൈയിലിരിക്കുന്ന സ്വിച്ച് ബോർഡ് ഓൺ ചെയ്താൽ വളയത്തിനുള്ളിലൂടെ പോകുന്ന മീനുകൾ കരിഞ്ഞു പൊന്തുമെന്നാണ് കുട്ടികൾ വിചാരിക്കുന്നത്. ഇരുമ്പുവളയം പുഴയിലേക്കിട്ട് സ്വിച്ച് ഓൺ ചെയ്തതോടെ വലിയൊരു അലർച്ചയോടെ പുഴയിൽ മീൻ പിടിച്ചുകൊണ്ടിരുന്ന അവരുടെ നാട്ടുകാരനായ ആന്തമാനിക്ക ഒരു പ്രേതം പോലെ വെള്ളത്തിൽ നിന്നും പൊന്തി വന്നു. നോവലിൽ ഇതും ഒരു തമാശ മാത്രം. ഈ പുസ്തകം കുട്ടികളുടെ കൈയിൽ കിട്ടിയാലുള്ള അവസ്ഥയാലോചിച്ച് ശരിക്കും കിടിലം കൊള്ളുക ഈ ഭാഗം വായിക്കുമ്പോഴാണ്. ഇതെല്ലാം നിർദോഷമായ കുസൃതികൾ എന്ന മട്ടിലാണ് അവതരിപ്പിക്കുന്നത്.

രണ്ടു കുടക്കമ്പികളുപയോഗിച്ച് അമ്പും വില്ലുമുണ്ടാക്കുന്നതിന്റെ വിശദീകരണമാണ് ഒരദ്ധ്യായം. ഏറ്റവും അപകടം പിടിച്ച ഒരു ഉപകരണം ഉണ്ടാക്കുന്ന വിദ്യയാണ് കുട്ടികളെ പഠിപ്പിക്കുന്നത്. എഴുത്തിലൂടെ മാത്രം മനസിലായില്ലെങ്കിലോ എന്നു വെച്ചിട്ടാകണം അമ്പും വില്ലും ഉണ്ടാക്കുന്നതിന്റെ ചിത്രം തന്നെ വരച്ചു ചേർത്തിരിക്കുന്നത്. അസ്ത്രത്തിന്റെ ചിത്രം വരച്ച്, അമ്മിയിൽ ഉരച്ച് കൂർപ്പിച്ചെടുത്ത അറ്റവും സമോവറിൽ പഴുപ്പിച്ച് തല്ലിപ്പരത്തിയ വാലറ്റവും ഏരോ മാർക് സഹിതം എഞ്ചിനീയറിങ് വിദ്യാർത്ഥികളുടെ പുസ്തകത്തിലേതുപോലെ ഒരു സംശയത്തിനും ഇടയില്ലാത്ത വിധം വിശദീകരിച്ചിട്ടുണ്ട്. ഇതൊക്കെ വായിച്ച് മനസിലാക്കുന്ന കുട്ടികൾ ഏതു തരത്തിലാണ് രൂപപ്പെടുക എന്ന് ഒരാൾക്കു പോലും വേവലാതിയില്ല. രാമായണം സീരിയൽ ദൂരദർശനിൽ വന്നിരുന്ന കാലത്ത് അമ്പും വില്ലും ക




കുടക്കമ്പി കൊണ്ട് അമ്പും വില്ലും നിർമ്മിക്കുന്നതിന്റെ രേഖാചിത്രം

**കുടക്കമ്പികളുപയോഗിച്ച് അമ്പും വില്ലുമുണ്ടാക്കുന്നതിന്റെ വിശദീകരണമാണ് ഒരദ്ധ്യായം. ഏറ്റവും അപകടം പിടിച്ച ഒരു ഉപകരണം ഉണ്ടാക്കുന്ന വിദ്യയാണ് കുട്ടികളെ പഠിപ്പിക്കുന്നത്. എഴുത്തിലൂടെ മാത്രം മനസിലായില്ലെങ്കിലോ എന്നു വെച്ചിട്ടാകണം അമ്പും വില്ലും ഉണ്ടാക്കുന്നതിന്റെ ചിത്രം തന്നെ വരച്ചു ചേർത്തിരിക്കുന്നത്. അസ്ത്രത്തിന്റെ ചിത്രം വരച്ച്, അമ്മിയിൽ ഉരച്ച് കൂർപ്പിച്ചെടുത്ത അറ്റവും സമോവറിൽ പഴുപ്പിച്ച് തല്ലിപ്പരത്തിയ വാലറ്റവും ഏരോ മാർക് സഹിതം ഒരു സംശയത്തിനും ഇടയില്ലാത്ത വിധം വിശദീകരിച്ചിട്ടുണ്ട്**

ളിയിലേർപ്പെട്ട് എത്ര കുട്ടികൾക്കാണ് പരിക്കേറ്റിട്ടുള്ളതെന്നതിന് കൈയും കണക്കുമില്ല.

ഒരു കുളത്തിൽ നഞ്ചു കലക്കിയതിനെത്തുടർന്ന് മീനുകൾ ചത്തുമലച്ചു കിടക്കുന്നതിന്റെ വിവരണമുണ്ട് പുസ്തകത്തിലൊരിടത്ത്. "ഒരു ലക്ഷത്തിക്കോടി മീനോള്!" ആ കാഴ്ച കണ്ട് കുഞ്ചുവിന് കരച്ചിൽ വരുന്നുണ്ട്. എങ്കിലും ആ മീൻ കറി വെച്ചു കഴിച്ചാൽ നമുക്കു വല്ലതും സംഭവിക്കുമോ എന്നതാണ് അവന്റെ പ്രധാന പ്രശ്നം. ചതിക്കപ്പെട്ടു പിടിച്ച മീനുകളെ തുറന്നു വിടുന്ന പ്രവൃത്തി ചെയ്യുന്നുണ്ട് കുട്ടികൾ നോവലിന്റെ അവസാന ഭാഗത്ത്. കുരുക്കിട്ടും ചൂണ്ടയിട്ടും വെടിവെച്ചും അമ്പെയ്തും വിഷം കുത്തിവെച്ചും കറന്റടിപ്പിച്ചും ആവണക്കെണ്ണ കൊടുത്ത് ഭ്രാന്തെടുപ്പിച്ചും സസ്യ ജന്തു പ്രകൃതിയെ പരമാവധി ദ്രോഹിക്കുന്ന നശീകരണ പ്രവർത്തനങ്ങൾക്ക് നോവലിൽ മുഖ്യസ്ഥാനം കൊടുത്തിരിക്കുന്നതുകൊണ്ട് അവസാനഭാഗത്തിന് വിശ്വാസ്യതയും പ്രാധാന്യവും ലഭിക്കുന്നില്ല.

'ഉത്സവപ്പിറ്റേന്ന്' എന്ന പേരിൽ കൊടിയേറ്റം ഗോപി ചെയ്ത ഒരു മഹാപാതകത്തിന്റെ കെടുതികൾ ഇന്നും കേരളം അനുഭവിക്കുകയാണ്. കുട്ടികളോടൊത്ത് കളിക്കുകയും അവർക്ക് കഥകൾ പറഞ്ഞു കൊടുക്കുകയും ചെയ്യുന്ന ആളാണ് അതിലെ നായകകഥാപാത്രം. ജീവിതസാഹചര്യങ്ങളാൽ ആത്മഹത്യ ചെയ്യാൻ തീരുമാനിക്കുന്ന അയാൾ, അക്കാര്യം കുട്ടികളുടെ മുന്നിൽ ഒരു കഥയാക്കി അവതരിപ്പിക്കുന്നു. കയറുമായി മരത്തിന്റെ കൊമ്പിലിരുന്ന് കഴുത്തിൽ കുരുക്ക് മുറുക്കി കഥ കേൾക്കാനിരിക്കുന്ന ഇരുപത്തോഞ്ചോളം വരുന്ന കുട്ടികളുടെ നടുവിലേക്ക് ചാടുന്നു. അയാൾ കുട്ടികളുടെ കൺമുന്നിൽ കയറിൽ കിടന്ന് പിടയുന്നു. കയറിൽ തൂങ്ങി നിന്ന് ആടുന്ന നായകന്റെ ജഡമാണ് സിനിമയുടെ അവസാനം. മോഹൻലാൽ അവതരിപ്പിക്കുന്ന ഈ കഥാപാത്രത്തെ അനുകരിച്ച് ഒരു പാട് കുട്ടികൾ സിനിമ ഇറങ്ങിയ കാലത്ത് മരിക്കുകയുണ്ടായി. ഇപ്പോഴും ചാനലുകളിൽ ഈ സിനിമ കാണിക്കുന്നുണ്ടെങ്കിൽ രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ 'തൂങ്ങിമരണം അനുകരിച്ച് കുട്ടി മരിച്ചു' എന്ന തലക്കെട്ടോടെ പത്രത്തിൽ വാർത്ത കാണാറുണ്ട്. ആവേശത്തോടെ കഥ കേൾക്കാൻ ഇരിക്കുന്ന കുട്ടികളുടെ നിഷ്ക്കളങ്ക മിഴികൾക്കു മുന്നിൽ സൂപ്പർസ്റ്റാറിന്റെ മൃതദേഹം കിടന്നാടുന്നത് കാണിച്ച അതേ നീചമനസ് ഉള്ളവർക്കു മാത്രമേ കുടക്കമ്പി കൊണ്ട് അമ്പും വില്ലും നിർമിക്കുന്നതിന്റെ രേഖാചിത്രം ഒരു ബാലസാഹിത്യകൃതിയിൽ വരച്ചു ചേർക്കാനാവൂ. സീരിയലുകളിലെ തൂങ്ങിമരണം അനുകരിക്കുന്നത് ഒരു വാർത്ത പോലും അല്ലാതായിക്കഴിഞ്ഞിട്ടുണ്ട്. 'ശക്തിമാൻ' സീരിയൽ കണ്ട് എത്രയോ കുട്ടികൾക്കാണ് കെട്ടിടത്തിൽ നിന്നും മറ്റും ചാടി വടക്കേ ഇന്ത്യയിൽ ജീവൻ നഷ്ടപ്പെടുകയും പരിക്കു പറ്റുകയും ചെയ്തിട്ടുള്ളത്.

കുട്ടികളുടെ കുസൃതികൾ ബാലസാഹിത്യത്തിൽ ധാരാളം കണ്ടിട്ടുണ്ട്. ഉണ്ണിക്കുട്ടന്റെ ഒരു ദിവസം, ഉണ്ണിക്കുട്ടൻ സ്കൂളിൽ, ഉണ്ണിക്കുട്ടന്റെ നാളെ തുടങ്ങി ഉണ്ണിക്കുട്ടൻ സീരീസ് തന്നെ എഴുതിയിട്ടുള്ള നന്തനാരുടെ കൃതികളിൽ ഉണ്ണിക്കുട്ടന്റെ വിക്രിയകൾ തന്നെയാണ് ഏറെയും. ടൂത്പേസ്റ്റ് പുറത്തു വരുന്നതു കാണാനുള്ള രസത്തിനു വേണ്ടി പേസ്റ്റിന്റെ ട്യൂബ് മുഴുവനും ഞെക്കി പേസ്റ്റ് പുറത്തുകളയുന്നതാണ് ഉണ്ണിക്കുട്ടൻ കാണിക്കുന്ന ഏറ്റവും വലിയ കുസൃതി.

ജീവനില്ലാത്ത ഒരു റോബോട്ട് സ്നേഹത്തിന്റെയും പ്രണയത്തിന്റെയും അന്തരീക്ഷത്തിൽ ജീവൻ ആർജ്ജിച്ചെടുക്കുന്ന പ്രമേയമുള്ള ഒരു ബാലസാഹിത്യകൃതിയുണ്ട്, 'റോബോട്ടും നിശാശലഭവും' എന്ന പേരിൽ. അത്ഭുതകരമായ സൗന്ദര്യമുള്ള ആ കൃതി വില കൊടുത്താൽ പോലും ഇപ്പോൾ കിട്ടാനില്ല. അത് നാടകമാക്കാൻ വേണ്ടി പ്രഗത്ഭനായ ഒരു സംവിധായകൻ പ്രസാധകരെ സമീപിച്ച് അവിടെയുണ്ടായിരുന്ന ഫയൽ കോപ്പിയുടെ ഫോട്ടോകോപ്പി എടുക്കുകയായിരുന്നു. ഈ പുസ്തകം വായിക്കുന്ന ഒരു കുട്ടിയും ഒരിക്കലും ജീവികളെ നോവിക്കുന്ന പ്രവൃത്തി ജീവിതത്തിൽ ചെയ്യില്ല. പക്ഷേ അത്തരം പുസ്തകങ്ങൾ വിപണിയിലെത്തുന്നില്ല. ജീവനുള്ളവയെ ജഡമാക്കി മാറ്റുന്ന സംസ്കാരം പ്രചരിപ്പിക്കുന്ന 'വെള്ളിമീൻചാട്ടം' നൂറു കുട്ടികളെക്കൊണ്ട് നൂറു കവർ വരപ്പിച്ചാണ് പുസ്തകവിപണിയിൽ ചാടിക്കയറുന്നത്.

'വെള്ളിമീൻചാട്ടം' പ്രകാശനം ചെയ്തത് അതിന് സർവഥാ യോഗ്യനായ എം. മുകുന്ദനാണ്. അദ്ദേഹം പറഞ്ഞത് ഇതൊരു പുതിയ ഭാവനയാണെന്നും പുതിയ കുതിപ്പാണെന്നുമാണ്. കുട്ടികൾക്ക് രസകരമായ പുതിയ ഒരു പാട് അറിവുകൾ ഇതിൽ നിന്ന് കിട്ടുമത്രെ. രസം കുത്തിവെച്ച് മരങ്ങൾ നശിപ്പിക്കുന്നതും ആമയെ മെഴുകുതിരിയുമായി നടത്തിയതുമൊക്കെയാണ് അദ്ദേഹത്തിന് ഏറെ തൃപ്തിയുണ്ടാക്കിയത്. ചെറുപ്രായത്തിൽ കുട്ടികൾ മരങ്ങളെ രസം കുത്തിവെച്ച് നശിപ്പിച്ചും സഹജീവികളെ ദ്രോഹിച്ചും വളരട്ടെ. വളർന്ന് യുവാക്കളാവുമ്പോൾ അവരെ സ്വയം നശിപ്പിക്കാൻ പോന്ന ഭാംഗും ചരസും കഞ്ചാവുമൊക്കെയായി ആഘോഷമായി ജീവിക്കാനുള്ള സാഹിത്യം നേരത്തെത്തന്നെ മൂപ്പർ തയ്യാറാക്കിവെച്ചിട്ടുണ്ട്. റിബൽ, നിഷേധി എന്നൊക്കെ കേട്ട് മാതാപിതാക്കൾ ഒട്ടും ഭയപ്പെടേണ്ട കാര്യവുമില്ല. 'നാരായണൻ നായരേ, ഞാൻ ആരാ?' എന്നിങ്ങനെയുള്ള ചില ചോദ്യങ്ങൾ ഇടക്ക് ചോദിച്ചാൽ മതി. ജീവിതം കളഞ്ഞുള്ള നിഷേധമൊന്നും മൂപ്പരുടെ കൈയിലില്ല. അക്കാദമി പ്രസിഡന്റിന്റെ കസേരയിലെത്തുന്ന തരത്തിലുള്ള നിഷേധമേ അദ്ദേഹം പഠിപ്പിക്കൂ.

ആവിഷ്കാര സ്വാതന്ത്ര്യമുള്ള നമ്മുടെ നാട്ടിൽ 'വെള്ളിമീൻചാട്ടം' നിരോധിക്കണമെന്നോ പുസ്തകം പിൻവലിക്കണമെന്നോ പറയുന്നത് ഒട്ടും ശരിയല്ല. നമ്മുടെ കുട്ടികളുടെ കണ്ണിൽപ്പെടാതെ നോക്കുക മാത്രമാണ് പ്രതിവിധി.

books
magazines
periodicals

BYWORD
BOOKS

marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689, Mob : 9847764577